(എ) അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ മന്ത്രോഗനിവാരണാർത്ഥം ഗവണ്മെൻറ് ഇതുവരെ കൈക്കൊണ്ട നടപടികൾ എവ;

(ബി) ഈ നടപടികൾ മൂലം മന്ത്രോഗം നിവാരണം ചെയ്യാൻ സാധിക്കുമെന്ന് ഗവണ്മെൻറ് കരുതുന്നുണ്ടോ;

(സി) അല്ലെങ്കിൽ അടുത്തതായി എന്തെല്ലാം നടപടികൾ എടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം.) :

(എ) ഇൻഡ്യാഗവണ്മെൻറിൽനിന്നും നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥന്മാർ മന്ത്രോഗനിവാരണാർത്ഥം ചെയ്യേണ്ടുന്ന കാര്യങ്ങളെപ്പറ്റി ഈ സ്ഥലങ്ങളിൽ താമസിച്ച് ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഡി. ഡി. റ്റി. സയൽഡ്രിൻ എന്നിവ ഉപയോഗിച്ച് മന്ത്രോഗം എപ്രകാരം തടയാമെന്നാണ് പരീക്ഷണം നടത്തുന്നത്. കൂടാതെ ഒരു നിവാരണനടപടിയായി ആ സ്ഥലങ്ങളിലുള്ള കുളങ്ങളിൽ നിന്നും ഇപ്പോൾ മുട്ടപ്പായലുകൾ നീക്കിക്കൊണ്ടിരിക്കുന്നു.

(ബി) സാധിക്കുമെന്നാണ് വിചാരിക്കുന്നത്. നിവാരണനടപടികൾ ഗവേഷണത്തിൽ ഇരിക്കുന്നതിനാൽ ഇപ്പോൾ ഖണ്ഡിതമായി പറയുക സാദ്ധ്യമല്ല.

(സി) ഗവേഷണത്തിൻെറ ഫലം അറിഞ്ഞുകഴിഞ്ഞതിനുശേഷം വേണ്ട നടപടികളെപ്പറ്റി ആലോചിക്കുന്നതാണ്.

കനകം ബോട്ടപകടം.

* 1087 [52] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കനകം ബോട്ടപകടത്തെപ്പറ്റിയുള്ള അന്വേഷണകമ്മിറ്റിയെ നിയമിച്ചതു് ഏതു തീയതിയിലാണ്;

(ബി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവോ;

(സി) സമർപ്പിച്ചില്ലെങ്കിൽ അതു് പ്രസിദ്ധപ്പെടുത്താതിരുന്നതിന് കാരണമെന്താണ് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. വി. വേലായുധൻ) :

(എ) 7-5-1952-ൽ.

(ബി) സമർപ്പിച്ചു.

(സി) കമ്മിറ്റിയുടെ റിപ്പോർട്ട് 13-1-1953-ലെ ഗവണ്മെൻറ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ബസ്സ്റ്റാൻഡ് ദേശവൽക്കരണം.

* 1088 [53] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പ്രൈവറ്റ ബസ്സുടമകൾ ദേശീകരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറ സ്വീകരിച്ചിരിക്കുന്ന നയം എന്താണ്;

(ബി) തിരുവനന്തപുരം–കാട്ടാക്കട–ആര്യനാടുവഴി നെടുമങ്ങാട്ട പോകുന്ന റൂട്ടിൽ ട്രാൻസ്പോർട്ട സർവീസ് ആരംഭിക്കണമെന്ന് പൊതുജനങ്ങളിൽനിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ എന്തു നടപടി എടുത്തു;

(സി) തിരുവനന്തപുരം—കല്ലാർ ട്രാൻസ്പോർട്ട സർവ്വീസ് പൊൻമുടിയിലേക്ക് നീട്ടിക്കിട്ടണമെന്ന് ഗവണ്മെൻറിലേക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ; തോട്ടംതൊഴിലാളികളുടെ സൗകര്യത്തെ ഉദ്ദേശിച്ച് സർവീസു പൊൻമുടിവരെ നീട്ടുന്നതിനുവേണ്ട നടപടികൾ ദയവായി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം–കല്ലാർ ട്രാൻസ്പോർട്ട സർവീസിൽ ഒന്നെങ്കിലും കരിപ്പൂർവഴി ആക്കണമെന്ന് നാട്ടുകാരിൽനിന്നും നിവേദനം കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ഗവണ്മെൻറ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഒരു നിശ്ചിതപരിപാടിയനുസരിച്ച് കാലക്രമത്തിൽ പ്രൈവറ്റ ബസ്സുടമകൾ ദേശവൽക്കരിക്കണമെന്നുള്ളതാണ് ഗവണ്മെൻറിൻെറ നയം.

(ബി) ഉണ്ട്. ഈ കാര്യം ഗവണ്മെൻറിൻെറ പര്യാലോചനയിലിരിക്കുന്നു.

(സി) നിവേദനം ലഭിച്ചിട്ടുണ്ട്. അതിന്മേലുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർവീസ് ഉടനെതന്നെ നടപ്പിലാക്കുന്നതാണ്.

(ഡി) ഉണ്ട്. പക്ഷേ കരിപ്പൂർവഴിയുള്ള റോഡ് ഡിപ്പാർട്ടുമെൻറുവക വാഹനങ്ങളുടെ ഗതാഗതത്തിനു പറ്റിയതല്ലാത്തതിനാൽ തൽക്കാലം ഒന്നും ചെയ്യുക സാദ്ധ്യമല്ല.

വിദ്യുച്ഛക്തിവിതരണം.

*1089. [54] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ കാണുന്ന ചോദ്യത്തിനു മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955–56–ൽ സംസ്ഥാനത്തു് എതെല്ലാം വില്ലേജുകളിൽ പുതുതായി വിദ്യുച്ഛക്തി വിതരണം നടപ്പിലാക്കിയിട്ടുണ്ട്;

(ബി) നെടുമങ്ങാടുതാലൂക്കിൽ ആര്യനാടു എന്ന വില്ലേജിനു വിദ്യുച്ഛക്തിവിതരണം ചെയ്യണമെന്ന പൊതുജനങ്ങളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ എന്തു തീരുമാനമെടുത്തു;

(സി) ഈ വർഷംതന്നെ പ്രസ്തുത സ്ഥലത്തേക്കു ഇലക്ട്രിസിറ്റി നീട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly